LIBRARY ARCHIVES Kerala Legislative Assembly

ടോട്ടൽ സാനിറ്റേഷൻ പ്രോജക്ട്

219 (1638) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുചിത്വമിഷൻ മുഖേന ടോട്ടൽ സാനിറ്റേഷൻ പ്രോജക്ട് സമർപ്പിച്ച പല പഞ്ചായത്തുകളുടെയും പദ്ധതികൾക്ക് ഇതുവരെയും അംഗീകാരം ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പദ്ധതി വിഹിതത്തിൽ നിന്നും ആനുപാതിക വിഹിതം വകയിരുത്തിയ പഞ്ചായത്തുകളെ പ്രോജക്ടിനുള്ള അംഗീകാരം വൈകുന്നത് പ്രതിസന്ധിയിലാക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) പദ്ധതിക്ക് അംഗീകാരം നൽകുന്നത് വൈകാനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ബാധകമല്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫണ്ട് വിനിയോഗം

220 (1640) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഫണ്ട് അനുവദിക്കുന്നതിനും ചെലവഴിക്കുന്നതിനുമുള്ള നടപടിക്രമങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) നിലവിലുള്ള രീതിയിൽ മാറ്റം വരുന്നതോടെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സ്വയംഭരണ പദവി നഷ്ടപ്പെടുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത നടപടി ഭരണഘടനാ ഭേദഗതിയുടെ അന്തസത്തയ്ക്ക് യോജിക്കുന്നതാണോ ;

(സി) മാറ്റത്തിന് പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണ് ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്പണം ഇപ്പോൾ റവന്യൂ അക്കൗണ്ടിൽനിന്നും റിലീസ് ചെയ്ത് അവയുടെ പബ്ലിക് അക്കൗണ്ടിൽ പാർക്ക് ചെയ്യുന്നത് സംസ്ഥാനത്തിന്റെ റവന്യൂ ഡെഫിസിറ്റിന് കാരണമാകുന്നുവെന്ന്